# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.662 | 29/11/2018-ൽ മറുപടിക്ക്

### വൈദ്യുതി ഉല്പാദനം

| | ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കാലവർഷത്തിൽ സംസ്ഥാനത്ത് ഡാമുകൾ നിറഞ്ഞ സാഹചര്യത്തിൽ വൈദ്യുതി ഉല്പാദനം പരമാവധി അളവിൽ എത്തിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് കഴിഞ്ഞിട്ടുണ്ടോ; | (എ) | കാലവർഷത്തിൽ സംസ്ഥാനത്തെ ഡാമുകൾ നിറഞ്ഞ സാഹചര്യത്തിൽ 2018 ജൂലൈ അവസാനവാരം മുതൽ 2018 സെപ്റ്റംബർ 10-ാം തീയതി വരെ വൈദ്യുതി ഉല്പാദനം പരമാവധി എത്തിക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് സാധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് അധികമായി ഉല്പാദിപ്പിച്ച വൈദ്യുതി അന്യസംസ്ഥാനങ്ങൾക്ക് വിൽക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | 2018 ആഗസ്റ്റ് ഒന്നുമുതൽ ഇതുവരെ എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കെ.എസ്.ഇ.ബി പവർ എക്സ്ചേയ്ഞ്ച് വഴി വിറ്റഴിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | 2018 ആഗസ്റ്റ് ഒന്നു മുതൽ ഇതുവരെ 317 ദശലക്ഷം യൂണിറ്റ് വൈദ്യുതി പവർ എക്സ്ചേഞ്ച് വഴി വിറ്റഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വൈദ്യുതി യൂണിറ്റ് ഒന്നിന് എന്ത് വിലയ്ക്കാണ് വിറ്റത്; അതിലൂടെ കെ.എസ്.ഇ.ബിക്ക് എന്ത് വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത വൈദ്യുതി യൂണിറ്റൊന്നിന് ശരാശരി 4.15 രൂപ നിരക്കിലാണ് വിറ്റഴിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ഇതിലൂടെ ഏകദേശം 131.73 കോടി രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ